GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

Editor Farm News - Dr. V. Krishnadas

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 24/06/2026

1. കൃഷിവകുപ്പ് നടപ്പിലാക്കി വരുന്ന **"ഫലവർഗ്ഗവിള, പുഷ്പകൃഷി, ഔഷധത്തോട്ടം വികസന പദ്ധതിയുടെ"** ഭാഗമായി ഉള്ളൂർ കൃഷിഭവൻ പരിധിയിൽ ചെഞ്ചേരിയിൽ പപ്പായ കൃഷിയുടെ മാതൃകാതോട്ടം ഒരുക്കിയിട്ടുണ്ട്. കൃത്യതകൃഷി അനുവർത്തിച്ച് വരുന്ന വി. എസ്. പത്മകുമാറിന്റെ മാതൃകാതോട്ടത്തിലെ പപ്പായ വിളവെടുപ്പിന് പാകമായിരിക്കുകയാണ്. അത്യുല്പാദന ശേഷിയുള്ള റെഡ് ലേഡി ഇനത്തിൽപ്പെട്ട പപ്പായയുടെ വിളവെടുപ്പ് ഉദ്ഘാടനം ഇന്ന് (24/06/2026) ഉച്ചയ്ക്ക് 12 മണിയ്ക്ക് ചെഞ്ചേരി മഹിഷാസുരമർദ്ദിനി ക്ഷേത്ര ആഡിറ്റോറിയത്തിൽ വച്ച് കഴക്കൂട്ടം നിയോജകമണ്ഡലം എം എൽ എ

അഡ്വ. വി മുരളീധരൻ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ കൃഷിവകുപ്പ് മന്ത്രി അഡ്വ. ടി. സിദ്ദിഖ് നിർവ്വഹിക്കുന്നതാണ്.

2. "ഓണത്തിനൊരുക്കാം വിളവിന്റെ വിസ്മയം" പദ്ധതിയുടെ ഭാഗമായി കൊല്ലം ജില്ലയിലെ വെട്ടിക്കവല ബ്ലോക്കിന് കീഴിലുള്ള കുളക്കട, മേലില, ഉമ്മന്നൂർ, മൈലം, പവിത്രേശ്വരം, വെട്ടിക്കവല എന്നീ കൃഷിഭവനുകളിൽ 6 ഇനം വിത്തുകൾ ഉള്ള പച്ചക്കറി വിത്ത് പാക്കറ്റുകൾ 10 രൂപ നിരക്കിൽ ലഭ്യമാണ്. കർഷകർ അതാത് കൃഷിഭവനുകളുമായി ബന്ധപ്പെടണമെന്ന് വെട്ടിക്കവല ബ്ലോക്ക് കൃഷി അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് 9447248729 എന്ന നമ്പരിൽ ബന്ധപ്പെടുക.

3. ഓണക്കാല ചെണ്ടുമല്ലി കൃഷിയ്ക്കായി അമ്പലവയൽ സെന്റർ ഓഫ് എക്സലൻസിൽ ഹൈബ്രിഡ് തൈകൾ (മഞ്ഞ, ഓറഞ്ച്) തയ്യാറായിട്ടുണ്ട്. 100 എണ്ണത്തിന് മുകളിൽ ഹൈബ്രിഡ് തൈകൾ വാങ്ങുന്നവർക്ക് വില 4.5 രൂപയും, 100 ൽ താഴെ തൈകൾക്ക് 5 രൂപയുമാണ് വില. തൈകൾ അമ്പലവയൽ ഫാമിലെ RARS സെയിൽസ് കൗണ്ടറിൽ എല്ലാ പ്രവൃത്തി ദിവസങ്ങളിലും ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 9447698643 എന്ന നമ്പറിൽ ബന്ധപ്പെടുക.

4. “കേര പദ്ധതി” ഫേസ് ബുക്ക് ലൈവിലൂടെ – ഇന്ന് (23/06/2026) രാവിലെ 11 മണിക്ക് “മഴക്കാല കൃഷി- അറിയേണ്ടതെല്ലാം” എന്നതിനെ കുറിച്ച് കൃഷി വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ പ്രമോദ് മാധവൻ ഫേസ് ബുക്ക് ലൈവിലൂടെ ക്ലാസ്സ് നയിക്കുന്നു. facebook.com/profile.php?id=61585550147783 എന്ന ലിങ്ക് വഴി ലൈവിൽ പങ്കെടുക്കാം. പിഎം കിസ്സാൻ പദ്ധതിയുടെ ആനുകൂല്യം വാങ്ങിക്കുന്ന എല്ലാ ഗുണഭോക്താക്കളും ആനുകൂല്യങ്ങൾ തുടർന്നും ലഭിക്കുന്നതിനായി ഈ മാസം 30തിനകം 2026-2027 വർഷത്തെ E KYC പൂർത്തിയാക്കേണ്ടതാണ്. കഴിഞ്ഞ വർഷം ചെയ്തവർ ഈ വർഷവും EKYC രജിസ്റ്റർ ചെയ്താൽ മാത്രമേ തുടർന്നുള്ള ആനുകൂല്യം ലഭ്യമാവുകയുള്ളൂ.

5. നെല്ല്, തെങ്ങ്, വാഴ, കമുക്, കുരുമുളക്, ഇഞ്ചി, മഞ്ഞൾ, ഏലം, റബ്ബർ, പച്ചക്കറികൾ ഉൾപ്പെടെ 27 വിളകൾക്ക് ഇൻഷുറൻസ് പരിരക്ഷയേകാൻ സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി. വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, ചുഴലിക്കാറ്റ്, വന്യജീവി ആക്രമണം തുടങ്ങി 11 തരത്തിലുള്ള പ്രകൃതി ക്ഷോഭങ്ങൾക്കെതിരെ സംരക്ഷണം. ഓൺലൈനായി എളുപ്പത്തിൽ AIMS പോർട്ടൽ www.aimsnew.kerala.gov.in വഴി അപേക്ഷിക്കാം. നഷ്ടം സംഭവിച്ചാൽ

ഉടൻ കൃഷിഭവനെ അറിയിക്കുക. 15 ദിവസത്തിനുള്ളിൽ നഷ്ടപരിഹാരത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്. കൂടുതൽ വിവരങ്ങൾക്ക് കാർഷിക വിവര സങ്കേതം ടോൾ ഫ്രീ നമ്പർ : 1800 425 1661 എന്ന നമ്പറിലോ  കൃഷിഭവനുമായോ ബന്ധപ്പെടുക.

6. 2025-ലെ സംസ്ഥാന ജൈവവൈവിധ്യ സംരക്ഷണ പുരസ്കാരങ്ങൾക്കായി കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് അപേക്ഷ ക്ഷണിച്ചു. ഹരിത വ്യക്തി (കൃഷി ഒഴികെയുള്ള ജൈവവൈവിധ്യ രംഗം), മികച്ച സംരക്ഷക കർഷകൻ/ കർഷക - (സസ്യജാലം, ജന്തുജാലം), ജൈവവൈവിധ്യ പത്രപ്രവർത്തകൻ/ പത്രപ്രവർത്തക (അച്ചടി മാധ്യമം, ദൃശ്യ-ശ്രാവ്യ മാധ്യമം), മികച്ച കാവ് സംരക്ഷണ പുരസ്കാരം (വ്യക്തി/ ട്രസ്റ്റ്), മികച്ച ജൈവവൈവിധ്യ പരിപാലന സമിതി (ബി.എം.സി.), മികച്ച ജൈവവൈവിധ്യ സ്കൂൾ/ വിദ്യാലയം, മികച്ച ജൈവവൈവിധ്യ കോളേജ്/ കലാലയം, മികച്ച ജൈവവൈവിധ്യ സംരക്ഷണ സ്ഥാപനം (സർക്കാർ/ സഹകരണ/ പൊതുമേഖല/ സ്വകാര്യമേഖല), മികച്ച ജൈവവൈവിധ്യ ക്ലബ് (കോളേജ്/ സ്കൂൾ) എന്നീ പുരസ്കാരങ്ങളാണ് നൽകുന്നത്. അവാർഡിനുള്ള അപേക്ഷകൾ/ നാമനിർദ്ദേശങ്ങൾ തപാൽ മാർഗം മാത്രമേ സ്വീകരിക്കുകയുള്ളൂ. പൂരിപ്പിച്ച അപേക്ഷയും അനുബന്ധ

രേഖകളും ജൂലൈ 31-നകം മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്, കൈലാസം, ടി.സി. 24/3219, നമ്പർ 43, ബെൽഹാവൻ ഗാർഡൻസ്, കവടിയാർ പി.ഒ., തിരുവനന്തപുരം-695003 എന്ന വിലാസത്തിൽ ലഭ്യമാക്കണം. ഫോൺ: 0471 2724740

7. മൃഗാരോഗ്യം, ക്ഷീര നവീകരണം, ഗ്രാമീണ സംരംഭകത്വം എന്നീ മേഖലകളിലെ പുതുമയാർന്ന ആശയങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി കേരള കാർഷിക സർവകലാശാലയുടെ വെള്ളായണി കാർഷിക കോളേജിന്റെ കെ-അഗ്ടെക് ലോഞ്ച്പാഡും വെറ്റിനറി സർവകലാശാലയിലെ ടെക്നോളജി ബിസിനസ്സ് ഇൻകുബേഷൻ സെന്ററും ചേർന്ന് VETRIX 2026 സംഘടിപ്പിക്കുന്നു. 2026 ജൂലൈ 15-ന് പൂക്കോട് വെറ്ററിനറി കോളേജിൽ നടക്കുന്ന പരിപാടിയിൽ വിദ്യാർത്ഥികൾക്കും ഗവേഷകർക്കും യുവ സംരംഭകർക്കും പങ്കെടുക്കാം. ആകർഷകമായ സമ്മാനങ്ങളും മികച്ച ടീമുകൾക്ക് ഇൻക്യുബേഷൻ പിന്തുണയും ഒരുക്കിയിരിക്കുന്ന പരിപാടിയിലേക്ക് താൽപര്യമുള്ളവർ www.kagtechlaunchpad.com വെബ് സൈറ്റ് വഴി അല്ലെങ്കിൽ 9995624888 എന്ന ഫോൺ നമ്പറിൽ വിളിച്ചും രജിസ്റ്റർ ചെയ്യാവുന്നതാണ്.